

ആകസ്മികമായി ഈ ലോകം അവസാനിക്കുകയും എല്ലാവരും ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുകയും ചെയ്യുന്ന നാളിൽ, ഇപ്പോൾ അനുഭവവേദ്യമാകുന്ന ഈ യാഥാർഥ്യത്തെയാണ് തങ്ങൾ ഭൗതിക ലോകത്ത് നിഷേധിച്ചുകൊണ്ടിരുന്നതെന്ന് അവർക്ക് ബോധ്യമാകും. പക്ഷേ, ആ ബോധ്യം അന്ന് ഒരു ഗുണവും ചെയ്യില്ല.

## ഖുർആൻ ബോധനം

▸ എ.വൈ.ആർ

### സൂറ-22

# അൽഹജ്ജ്

**55.** ആകസ്മികമായി അന്ത്യനിമിഷം അഥവാ ഒരു വന്ധ്യമായ നാളിന്റെ ശിക്ഷ വന്നെത്തുന്നതുവരെ അവിശ്വാസികൾ ഈ ദീനിനെ സംശയിച്ചുകൊണ്ടേയിരിക്കും.

وَلَا يَزَالُ ٱلَّذِينَ كَفَرُوا۟ فِى مِرْيَةٍ مِّنْهُ حَتَّىٰ تَأْتِيَهُمُ ٱلسَّاعَةُ بَغْتَةً
أَوْ يَأْتِيَهُمْ عَذَابُ يَوْمٍ عَقِيمٍ ﴿٥٥﴾

**56.** അന്നാളിൽ ആധിപത്യം അല്ലാഹുവിന്നു മാത്രമായിരിക്കും. അവൻ സൃഷ്ടികൾക്കിടയിൽ വിധികൽപ്പിക്കും. സത്യവിശ്വാസം കൈകൊണ്ട് സൽകർമങ്ങളാചരിച്ചവർ അനുഗൃഹീതമായ സ്വർഗീയാരാമങ്ങളിലാകുന്നു.

ٱلْمُلْكُ يَوْمَئِذٍ لِّلَّهِ يَحْكُمُ بَيْنَهُمْ ۚ فَٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ فِى
جَنَّٰتِ ٱلنَّعِيمِ ﴿٥٦﴾

**57.** അവിശ്വാസികളായി നമ്മുടെ സൂക്തങ്ങളെ തള്ളിപ്പറഞ്ഞവരോ, അവർക്കുള്ളതു അപമാനകരമായ ദണ്ഡനമത്രെ.

وَٱلَّذِينَ كَفَرُوا۟ وَكَذَّبُوا۟ بِـَٔايَٰتِنَا فَأُو۟لَٰٓئِكَ لَهُمْ عَذَابٌ مُّهِينٌ ﴿٥٧﴾

**55–57**

നിഷേധികളായവർ(അവിശ്വാസികൾ) ആയിക്കൊണ്ടേയിരിക്കും = وَلَا يَزَالُ ٱلَّذِينَ كَفَرُوا۟

ഈ ദീനിനെക്കുറിച്ച് (അതിനെ) = مِّنْهُ സംശയത്തിൽ (സംശയിച്ചുകൊണ്ടേയിരിക്കും) = فِى مِرْيَةٍ

ആകസ്മികമായി = بَغْتَةً ആ(അന്ത്യ) നിമിഷം = ٱلسَّاعَةُ അവർക്ക് വന്നെത്തുന്നതുവരെ = حَتَّىٰ تَأْتِيَهُمُ

വന്ധ്യമായ ഒരു നാളിന്റെ ശിക്ഷ = عَذَابُ يَوْمٍ عَقِيمٍ അല്ലെങ്കിൽ (അഥവാ) അവർക്ക് വന്നെത്തുന്നതുവരെ = أَوْ يَأْتِيَهُمْ

അല്ലാഹുവിനു മാത്രമാകുന്നു = لِّلَّهِ അന്നാളിൽ = يَوْمَئِذٍ ഉടമസ്ഥത, ആധിപത്യം = ٱلْمُلْكُ

അവർ(സൃഷ്ടികൾ)ക്കിടയിൽ അവൻ വിധി കൽപിക്കും = يَحْكُمُ بَيْنَهُمْ

സത്യവിശ്വാസം കൈക്കൊണ്ട് സൽകർമങ്ങളാചരിച്ചവർ = فَٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ

അനുഗൃഹീതമായ (സ്വർഗീയ)ആരാമങ്ങളിലാകുന്നു = فِى جَنَّٰتِ ٱلنَّعِيمِ

നിഷേധികളായവർ (അവിശ്വാസികളായി) = وَٱلَّذِينَ كَفَرُوا۟

തീർച്ചയായും അവർക്കുള്ളത് = فَأُو۟لَٰٓئِكَ لَهُمْ നമ്മുടെ സൂക്തങ്ങളെ തള്ളിപ്പറയുകയും ചെയ്തവർ(വരോ)= وَكَذَّبُوا۟ بِـَٔايَٰتِنَا

അപമാനകരമായ ദണ്ഡനമത്രെ = عَذَابٌ مُّهِينٌ

പ്രവാചകൻ പ്രബോധനം ചെയ്യുന്ന ദീൻ ദൈവിക ദീനാണെന്ന് ജ്ഞാനികൾ മനസ്സിലാക്കുകയും അതിൽ വിശ്വസിക്കുകയും അതിനു വിധേയരാവുകയും അങ്ങനെ അല്ലാഹു അവരെ സന്മാർഗത്തിലേക്ക് നയിക്കുകയും ചെയ്യുമെന്നാണ് മുൻസൂക്തത്തിൽ പ്രസ്താവിച്ചത്. പ്രവാചകനെ അവിശ്വസിക്കുകയും അദ്ദേഹത്തിന്റെ സന്ദേശം തള്ളിക്കളയുകയും ചെയ്യുന്നവരുടെ സമീപനവും അതിന്റെ പരിണതിയുമാണ് ഈ സൂക്തങ്ങളിൽ പറയുന്നത്. ന്യായമായ കാരണമില്ലാത്ത അടിസ്ഥാന രഹിതമായ സംശയത്തിനാണ് مِرْيَةٍ എന്ന് പറയുക. ദേഹേഛകളുമായി പൊരുത്തപ്പെടുന്നില്ല, അല്ലെങ്കിൽ പൂർവികമായി പാലിച്ചുപോരുന്ന വിശ്വാസങ്ങൾക്കും ആചാരങ്ങൾക്കും എതിരാണ്, അതുമല്ലെങ്കിൽ തങ്ങൾ സ്വയം കണ്ടെത്തിയ തത്ത്വങ്ങളോടും ദർശനങ്ങളോടും യോജിക്കുന്നില്ല... തുടങ്ങിയവയാണ് അവർ പ്രവാചകന്റെ പ്രബോധനത്തെ എതിർക്കാൻ കാരണം. എന്നാൽ ദേഹേഛകളും പൈതൃകങ്ങളും സ്വയംകൃത തത്ത്വങ്ങളുമൊക്കെ യുക്തിയുടെയും പ്രമാണങ്ങളുടെയും വെളിച്ചത്തിൽ സ്ഥിരപ്പെട്ടതാണോ എന്ന് അവർ ചിന്തിക്കുന്നില്ല. ഈ ദീനിൽ യുക്തിക്കും സർവാംഗീകൃതമായ പ്രമാണങ്ങൾക്കും വിരുദ്ധമായി യാതൊന്നും അവർ കാണുന്നില്ല. എന്നിട്ടും അവരതിനെ സംശയിച്ചുകൊണ്ടേയിരിക്കുന്നു; കാരണമില്ലാതെ അല്ലെങ്കിൽ വ്യാജമായ കാരണങ്ങളുന്നയിച്ചുകൊണ്ട്. അവരുടെ ഈ സംശയം ലോകാവസാനം വരെ നിലനിൽക്കും. ന്യായമായ കാരണങ്ങളെ ചൊല്ലിയുള്ള സംശയങ്ങൾക്കേ പരിഹാരമുണ്ടാക്കാൻ കഴിയൂ.

ആകസ്മികമായി ഈ ലോകം അവസാനിക്കുകയും എല്ലാവരും ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുകയും ചെയ്യുന്ന നാളിൽ, ഇപ്പോൾ അനുഭവവേദ്യമാകുന്ന ഈ യാഥാർഥ്യത്തെയാണ് തങ്ങൾ ഭൗതിക ലോകത്ത് നിഷേധിച്ചുകൊണ്ടിരുന്നതെന്ന് അവർക്ക് ബോധ്യമാകും. പക്ഷേ, ആ ബോധ്യം അന്ന് ഒരു ഗുണവും ചെയ്യില്ല. ആ നാളിൽ ഉടമസ്ഥതയും അധികാരവും സമ്പൂർണമായി അല്ലാഹുവിന്റെ ഹസ്തത്തിലാകുന്നു. എല്ലാവർക്കും അവരവരുടെ ഭൗതിക ജീവിതത്തിന്റെ ഗുണ-ദോഷങ്ങൾ അവൻ വിധിക്കും. ആ വിധിയിൽ നിന്ന് തെന്നിമാറാനോ ഒളിച്ചോടാനോ ആർക്കും ഒരു പഴുതും ലഭിക്കുകയില്ല. അവർ സങ്കൽപിക്കുന്ന ഉപദൈവങ്ങളോ ശിപാർശകരോ അവരെ രക്ഷിക്കാനുണ്ടാവില്ല. ٱلسَّاعَةُ -നേരം, നിമിഷം എന്നതിന് ഭൗതിക ജീവിതത്തിന്റെ അന്ത്യനിമിഷം അഥവാ മരണം എന്നും ചില വ്യാഖ്യാതാക്കൾ അർഥം കൽപിക്കുന്നുണ്ട്. അതനുസരിച്ച്, അവിശ്വാസികൾ മരിക്കുന്നതുവരെ ഈ സംശയത്തിൽ തന്നെയായിരിക്കുമെന്നാണ് ആശയം. പ്രത്യുൽപാദനശേഷിയില്ലാത്തത്, വന്ധ്യമായത് ആണ് عَقِيم. പ്രസവിക്കാത്ത സ്ത്രീയും ഷണ്ഡനായ പുരുഷനും عَقِيم ആണ്. ഉപയോഗശൂന്യം എന്ന അർഥത്തിലും ഉപയോഗിക്കും. കുളിരോ മഴയോ കൊണ്ടുവരാതെ ആദ് സമുദായത്തിനു മേൽ ദൈവിക ശിക്ഷയായി അടിച്ചുവീശിയ കാറ്റിനെ ഖുർആൻ ريح عقيم എന്നു വിശേഷിപ്പിച്ചിട്ടുണ്ട്. ഉയിർത്തെഴുന്നേൽപു നാളിനെ يَوْمٍ عَقِيمٍ എന്നു വർണിച്ചത് ഒരു രൂപകമായിട്ടാണ്. പകൽ രാത്രിയെയും രാത്രി പകലിനെയും പ്രസവിക്കുന്ന എന്ന് സങ്കൽപിച്ചുകൊണ്ട്, അസ്തമയമില്ലാത്ത പകലിനെ يَوْمٍ عَقِيمٍ എന്നു പറഞ്ഞിരിക്കുകയാണ്. അല്ലാഹുവല്ലാത്ത ആർക്കും ഒരു കാര്യവും നടത്താനാവാത്ത, ഉപയോഗമില്ലാത്ത ദിവസം എന്നും അർഥമാകാം. عَذَابُ يَوْمٍ عَقِيمٍ കൊണ്ടുദ്ദേശ്യം ഈ ഭൗതിക ലോകത്തു തന്നെ ആകസ്മികമായി ദൈവിക ശിക്ഷ വന്നുഭവിക്കുന്ന നാളാണെന്നും ഒരഭിപ്രായമുണ്ട്. പക്ഷേ, തുടർന്നുള്ള വചനങ്ങൾ ബലപ്പെടുത്തുന്നത് ആദ്യം പറഞ്ഞ വ്യാഖ്യാനത്തെയാണ്. فَٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ...... لَهُمْ عَذَابٌ مُّهِينٌ എന്ന വചനം അന്ത്യനാളിൽ അല്ലാഹു കൽപിക്കുന്ന വിധിയുടെ സംഗ്രഹമാണ്. സത്യധർമങ്ങളംഗീകരിക്കുകയും സൽകർമങ്ങളാചരിക്കുകയും ചെയ്തുകൊണ്ട് ഐഹിക ലോകത്ത് വാണവർക്ക് ശാശ്വതമായ സ്വർഗീയാരാമങ്ങളിൽ പ്രവേശനമരുളുന്നു. എന്നാൽ, പ്രവാചകനെ നിഷേധിക്കുകയും ദൈവിക സന്ദേശങ്ങൾ തള്ളിക്കളയുകയും ചെയ്തവർ പ്രവേശിപ്പിക്കപ്പെടുന്നത് അപമാനകരമായ ദണ്ഡനങ്ങൾ നിറഞ്ഞ നരകത്തിലാണ്. ശിക്ഷയുടെ مهين-അപമാനിക്കുന്നത്, നിന്ദിക്കുന്നത് -എന്ന വിശേഷണം സൂചിപ്പിക്കുന്നതിതാണ്: ഇഹലോകത്ത് പ്രവാചകൻ പ്രബോധനം ചെയ്ത സത്യത്തിനതീതരാണ് തങ്ങളെന്ന കൊടിയ അഹന്തയിലായിരുന്നു അവർ. തങ്ങൾ പിന്തുടരുന്ന മതം അസത്യമായാലും അനാചാരമായാലും അതിൽ തന്നെ നിലകൊള്ളുന്നതാണ് അന്തസ്സും അഭിമാനവും എന്നാണ് അവരുടെ വിചാരം. ഇസ്‌ലാം എത്ര തന്നെ സത്യമായാലും മതം മാറുന്നത് നാണക്കേടാണ്, അപമാനമാണ് എന്ന ഈ അഹന്തയുടെ ഫലമായി പരലോകത്ത് അവർക്ക് ലഭിക്കുന്നത് വെറും ശിക്ഷയായിരിക്കുകയില്ല, അവരെ അങ്ങേയറ്റം നിന്ദിതരും അപമാനിതരുമാക്കുന്ന തരത്തിലുള്ള ശിക്ഷയായിരിക്കും. അത് തങ്ങൾ നിന്ദിച്ചിരുന്നവരുടെ കണ്ണിൽ അവരെ അധമരും നികൃഷ്ടരുമാക്കുന്നു. അതിലുപരി അവർ തന്നെ അവരെ പുഛിക്കുകയും ഭർത്സിക്കുകയും നഷ്ടബോധത്താൽ വേവുകയും ചെയ്യുന്നു. ■

وَٱلَّذِينَ هَاجَرُوا۟ فِى سَبِيلِ ٱللَّهِ ثُمَّ قُتِلُوٓا۟ أَوْ مَاتُوا۟ لَيَرْزُقَنَّهُمُ ٱللَّهُ رِزْقًا حَسَنًا ۚ وَإِنَّ ٱللَّهَ لَهُوَ خَيْرُ ٱلرَّٰزِقِينَ ﴿٥٨﴾

58. ദൈവിക സരണിയിൽ ദേശത്യാഗം ചെയ്തിട്ട് പിന്നെ കൊല്ലപ്പെടുകയോ മരണപ്പെടുകയോ ചെയ്തവരുണ്ടല്ലോ; അവർക്ക് അല്ലാഹു വിശിഷ്ട വിഭവങ്ങൾ പ്രദാനം ചെയ്യുന്നുണ്ട്. അല്ലാഹു തന്നെയാണ് അത്യുത്തമനായ വിഭവ ദാതാവ്.

لَيُدْخِلَنَّهُم مُّدْخَلًا يَرْضَوْنَهُۥ ۗ وَإِنَّ ٱللَّهَ لَعَلِيمٌ حَلِيمٌ ﴿٥٩﴾

59. അവർ തൃപ്തിപ്പെടുന്നിടത്തു തന്നെ അല്ലാഹു അവരെ എത്തിക്കും. അല്ലാഹു എല്ലാം അറിയുന്നവനും ഏറെ സഹിഷ്ണുതയുള്ളവനുമാകുന്നു.

**58,59**

وَٱلَّذِينَ هَاجَرُواْ فِي سَبِيلِ ٱللَّهِ = അല്ലാഹുവിന്റെ മാർഗത്തിൽ ദേശത്യാഗം ചെയ്ത (ചെയ്തിട്ട്)
ثُمَّ قُتِلُوٓاْ = പിന്നെ കൊല്ലപ്പെട്ടു(ടുകയോ) أَوْ مَاتُواْ = അല്ലെങ്കിൽ മരണപ്പെട്ടു(ടുകയോ ചെയ്തവർ ഉണ്ടല്ലോ)
لَيَرْزُقَنَّهُمُ ٱللَّهُ = തീർച്ചയായും അല്ലാഹു അവർക്ക് വിഭവങ്ങൾ പ്രദാനം ചെയ്യുന്നുണ്ട് رِزْقًا حَسَنًا = വിശിഷ്ട വിഭവങ്ങളാൽ
وَإِنَّ ٱللَّهَ لَهُوَ خَيْرُ ٱلرَّٰزِقِينَ = തീർച്ചയായും അല്ലാഹു, അവൻ തന്നെയാണ് അത്യുത്തമനായ വിഭവ ദാതാവ്
لَيُدْخِلَنَّهُم = അവൻ അവരെ പ്രവേശിപ്പിക്കും(എത്തിക്കും) مُّدْخَلًا يَرْضَوْنَهُۥ = അവർ തൃപ്തിപ്പെടുന്ന പ്രവേശന സ്ഥലത്ത്
وَإِنَّ ٱللَّهَ لَعَلِيمٌ = തീർച്ചയായും അല്ലാഹു എല്ലാം അറിയുന്നവനാകുന്നു
حَلِيمٌ = ഏറെ സഹിഷ്ണുതയുള്ളവനായ(വനുമാകുന്നു)

മുൻ സൂക്തത്തിൽ വിശ്വാസികൾക്ക് പൊതുവിൽ നൽകിയ സുവിശേഷത്തോടനുബന്ധിച്ച്, ഇസ്‌ലാംവിരുദ്ധ ശക്തികളുടെ അക്രമങ്ങളും പീഡനങ്ങളും സഹിക്കാനാവാതെ, മതവും വിശ്വാസവും പാലിച്ചു ജീവിക്കുന്നതിനു വേണ്ടി സ്വദേശം വെടിഞ്ഞ് പലായനം ചെയ്യേണ്ടിവരുന്ന മർദിതരെ പ്രത്യേകമായി അറിയിക്കുകയാണിവിടെ: അല്ലാഹുവിന്റെ മാർഗത്തിൽ സ്വദേശമുപേക്ഷിച്ച് അഭയസ്ഥാനം തേടി പലായനം ചെയ്യേണ്ടിവരുന്നവർ ഉറപ്പിച്ചുകൊള്ളുക. ആളുകളുടെ കണ്ണിൽ അവർ പതിതരും നിസ്സഹായരുമാണെങ്കിലും ആ മാർഗത്തിൽ ആദ്യ ചുവടുവെച്ചതോടെ അല്ലാഹുവിങ്കൽ അവർ ഉന്നതരും മഹനീയരുമായിത്തീർന്നിരിക്കുന്നു. പ്രവാസം ചെയ്യാൻ ഉദ്ദേശിച്ച സ്ഥലത്ത്- دار الهجرة -എത്തും മുമ്പേ ശത്രുക്കളാൽ കൊല്ലപ്പെടുകയോ മറ്റു കാരണങ്ങളാൽ മരണപ്പെടുകയോ ചെയ്താലും അല്ലാഹു അവർക്ക് രക്തസാക്ഷികളുടെ പദവിയും ഏറ്റവും വിശിഷ്ടമായ വിഭവങ്ങളും പ്രദാനം ചെയ്യും. അല്ലാഹുവിന്റെ മാർഗത്തിൽ വധിക്കപ്പെടുന്നവരെ മരിച്ചുപോയവരായി കരുതേണ്ടതില്ല, അവർ അല്ലാഹുവിങ്കൽ ജീവിച്ചിരിക്കുന്നവരും സവിശേഷമായ അനുഗ്രഹങ്ങളാസ്വദിക്കുന്നവരുമാണ്- بَلْ أَحْيَاءٌ عِندَ رَبِّهِمْ يُرْزَقُونَ എന്ന് *ആലുഇംറാൻ* 169-ാം സൂക്തത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇതേ സുവിശേഷം ദീനിനുവേണ്ടി ദേശത്യാഗത്തിന് നിർബന്ധിതരാവുകയും പലായനത്തിനിടയിൽ കൊല്ലപ്പെടുകയോ മരിക്കുകയോ ചെയ്തവരുമായ മുഹാജിറുകൾക്ക് കൂടി നൽകിയിരിക്കുകയാണിവിടെ. ഇതിൽ മുഹാജിറിന്റെ സ്വാഭാവിക മരണവും രക്തസാക്ഷിത്വമായി വിധിച്ചിരിക്കുന്നു. മറ്റു പലയിടത്തുമെന്ന പോലെ رزق ഇവിടെയും ഉപയോഗിച്ചിരിക്കുന്നത് അല്ലാഹുവിന്റെ അപരിമേയമായ അനുഗ്രഹങ്ങളെയെല്ലാം ഉൾക്കൊള്ളുന്ന പദമായിട്ടാണ്. അതിനെ ആഹാരമെന്ന പരിമിതമായ അർഥത്തിൽ മനസ്സിലാക്കിയാൽ പോരാ. ഒരു വസ്തുവിന്റെ വാഴ്‌വിനുള്ള എല്ലാ ഉപാധികളും അതിന്റെ رزق ആണ്. അല്ലാഹു വിഭവദാതാക്കളിൽ അത്യുത്തമൻ- خَيْرُ ٱلرَّٰزِقِينَ ആയതിനാൽ തനിക്കു വേണ്ടി സ്വന്തം വീടും നാടും സ്വത്തും സന്തതികളുമെല്ലാം ഉപേക്ഷിച്ച് പുറപ്പെട്ടവർക്ക് അവൻ എന്തൊക്കെ നൽകുമെന്ന് മനുഷ്യന് കണക്കാക്കാനാവില്ല. അതിന്റേത് നമ്മുടെ സങ്കൽപത്തിനതീതമായ അളവും ഗുണവുമായിരിക്കും.

സ്വർഗത്തിൽ മനം നിറയുന്ന ഇടത്തായിരിക്കും അവരെത്തിച്ചേരുക. يَرْضَوْنَهُۥ -അവർ തൃപ്തിപ്പെട്ടത്- എന്നത് വളരെ സംക്ഷിപ്തമായ വാക്കാണ്. പക്ഷേ, അർഥത്തിന്റെ ഒരു ലോകം തന്നെ അതിൽ ഒളിഞ്ഞിരിപ്പുണ്ട്. ആശകളും പ്രതീക്ഷകളും അതേപടി അല്ലെങ്കിൽ അതിലുപരി സാക്ഷാത്കരിക്കപ്പെടുമ്പോഴാണ് മനസ്സ് പൂർണമായി സംതൃപ്തമാവുക എന്ന് ചുരുക്കിപ്പറയാം. അല്ലാഹുവിന്റെ പേരിൽ നാടും വീടും വെടിഞ്ഞ് പുറപ്പെടുന്ന ദൈവദാസൻ മാർഗമധ്യേ കൊല്ലപ്പെടുകയോ മരിച്ചുപോവുകയോ ചെയ്യുന്നുവെങ്കിൽ ഉറപ്പിച്ചുകൊള്ളട്ടെ, അവന്റെ സകലമാന ആശകളും പ്രതീക്ഷകളും സാക്ഷാത്കരിക്കപ്പെടുന്ന ഒരിടത്തേക്ക് അല്ലാഹു അവനെ എത്തിക്കുകയാണ്. അവിടെ അവന് ലഭിക്കുന്നതെന്തും ഈ ലോകത്ത് സങ്കൽപിക്കാൻ പോലും കഴിഞ്ഞിട്ടില്ലാത്തതായിരിക്കും. അത്തരക്കാർ ഈ ലോകത്ത് സത്യവിരോധികളുടെ കരങ്ങളാൽ അനുഭവിക്കേണ്ടിവന്നിട്ടുള്ള പീഡനങ്ങളും മർദനങ്ങളും അല്ലാഹു അറിയാതെയല്ല. അതൊക്കെയും സൂക്ഷ്മമായും സമഗ്രമായും അറിയുന്നവൻ-عليم- ആണവൻ. അതോടൊപ്പം حليم-ഉം ആണവൻ. حَلُمَ -യിൽ നിന്നുള്ള കർതൃപദമാണ് حليم. വിട്ടുവീഴ്ച, സഹിഷ്ണുത, സഹനം, സൗമനസ്യം, വിവേകം കൈകൊണ്ടു എന്നാണ് حَلُمَ-യുടെ അർഥം. ഇതിനെ حَلَمَ എന്നുച്ചരിച്ചാൽ ലൈംഗികശേഷി, പ്രായപൂർത്തി എത്തി എന്നും സ്വപ്നം കണ്ടു എന്നും. അല്ലാഹു അവന്റെ ശത്രുക്കളെ ഉടനടി ശിക്ഷിക്കുന്നില്ല, അവർക്ക് സത്യം കണ്ടെത്താനും സംസ്കൃതരാകാനും വേണ്ടത്ര അവസരം നൽകാൻ സഹിഷ്ണുതയും സൗമനസ്യവുമുള്ളവനാണവൻ എന്നാണിവിടെ വിവക്ഷ. പക്ഷേ, അല്ലാഹു വിട്ടുവീഴ്ചയുള്ളവനാണെങ്കിലും അലസനോ അജ്ഞനോ അല്ല എന്ന് മനുഷ്യൻ മനസ്സിലാക്കേണ്ടതുണ്ട്. ■

۞ ذَٰلِكَ وَمَنْ عَاقَبَ بِمِثْلِ مَا عُوقِبَ بِهِۦ ثُمَّ بُغِيَ عَلَيْهِ لَيَنصُرَنَّهُ ٱللَّهُ إِنَّ ٱللَّهَ لَعَفُوٌّ غَفُورٌ ﴿٦٠﴾

**60.** മുകളിൽ പറഞ്ഞതു കേട്ടുവല്ലോ, ഇനിയും കേൾക്കുക. ദ്രോഹിക്കപ്പെട്ടവൻ അതേ പ്രകാരം തിരിച്ചടിച്ച ശേഷം പിന്നെയും അതിക്രമത്തിനിരയാവുകയാണെങ്കിൽ, അപ്പോൾ അല്ലാഹു ആ മർദിതനെ തീർച്ചയായും തുണക്കുന്നതാകുന്നു. നിശ്ചയം, ഏറെ വിട്ടുവീഴ്ച ചെയ്യുന്നവനും പൊറുക്കുന്നവനുമാണ് അല്ലാഹു.

60

ذَٰلِكَ = അത് (മുകളിൽ പറഞ്ഞത് കേട്ടുവല്ലോ, ഇനിയും കേൾക്കുക) وَمَنْ عَاقَبَ = അവൻ ശിക്ഷി(തിരിച്ചടി)ച്ചാൽ

بِمِثْلِ مَا عُوقِبَ بِهِۦ = ദ്രോഹിക്കപ്പെട്ടതിനു തുല്യമായതുകൊണ്ട് (അതേ പ്രകാരം)

ثُمَّ بُغِيَ عَلَيْهِ = പിന്നെ അവന്റെ മേൽ അക്രമം ചെയ്യപ്പെട്ടാൽ (പിന്നെയും അതിക്രമത്തിനിരയാവുകയാണെങ്കിൽ)

لَيَنصُرَنَّهُ ٱللَّهُ = തീർച്ചയായും അല്ലാഹു അവനെ (ആ മർദിതനെ) തുണക്കുന്നതാകുന്നു

إِنَّ ٱللَّهَ لَعَفُوٌّ = തീർച്ചയായും അല്ലാഹു ഏറെ വിട്ടുവീഴ്ച ചെയ്യുന്നവനാകുന്നു

غَفُورٌ = ഏറെ പൊറുക്കുന്നവനായ(വനും ആകുന്നു)

ഇവിടെ ذَٰلِكَ (അത്) എന്ന പദം 30-ാം സൂക്തം മുതൽ പറഞ്ഞുവരുന്ന കാര്യങ്ങളെ ഓർമിപ്പിക്കുകയാണ്. തൊട്ടു മുമ്പ് പറഞ്ഞ സൂക്തങ്ങളിൽ വിശ്വാസികളുടെയും അവിശ്വാസികളുടെയും പരിണതിയെക്കുറിച്ചുണർത്തിയ കാര്യങ്ങളാണ് ഉദ്ദേശ്യമെന്നും ഒരു വ്യാഖ്യാനമുണ്ട്. രണ്ട് വ്യാഖ്യാനവും സംഗതമാകുന്നു. താൽപര്യമിതാണ്: ഇപ്പറഞ്ഞതൊന്നും വെറുതെ തട്ടിവിട്ട വാക്കുകളല്ല. അതിപ്രധാനമായ മൗലിക യാഥാർഥ്യങ്ങളാണ്. ശത്രുക്കളും മിത്രങ്ങളും അത് നന്നായി കേട്ടിരിക്കണം. അതിനു പുറമെ മർദിതനാകുന്ന സത്യവിശ്വാസിക്ക് തന്റെ ജീവനും ധനവും സംരക്ഷിക്കുന്നതിനു വേണ്ടി, അക്രമിയെ അതേ നാണയത്തിൽ തിരിച്ചടിക്കാൻ അനുവാദം നൽകിയിരിക്കുന്നുവെന്നു കൂടി പ്രഖ്യാപിക്കുകയാണിവിടെ. വിശ്വാസികൾക്ക് അവരുടെ നാഥന്റെ പിന്തുണയുണ്ടെന്നും തീർച്ചയായും അവൻ അവരെ സഹായിക്കുമെന്നും അവരുടെ വിരോധികൾ ഓർത്തിരിക്കട്ടെ.

بِمِثْلِ مَا عُوقِبَ بِهِۦ എന്നത് -جزاء سيّئة سيّئة مثلها-തിന്മയുടെ ഫലം അതുപോലുള്ള തിന്മ തന്നെ -എന്നതുപോലുള്ള ശൈലിയാണ്. ഇങ്ങോട്ടുണ്ടായ ദ്രോഹത്തിനു തുല്യമായ തിരിച്ചടി- بِمِثْلِ مَا عُوقِبَ - എന്ന വാക്യം, ഇങ്ങോട്ടു ചെയ്തതെന്തോ അതുതന്നെ അങ്ങോട്ടും ചെയ്യണമെന്ന ആശയത്തിലേക്കാണ് സൂചന തരുന്നതെന്ന് ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു. അതായത് വടി കൊണ്ട് അടിച്ചാൽ വടിയെടുത്ത് അടിച്ചവനെയും അടിക്കുക, കാലുകൊണ്ട് ചവിട്ടിയാൽ തിരിച്ച് ചവിട്ടുക. എത്രത്തോളമെന്നാൽ ഒരാളെ വെള്ളത്തിൽ മുക്കി കൊന്നവനെ അതേ വിധം വെള്ളത്തിൽ മുക്കി കൊല്ലണം. അടിയുടെയും തിരിച്ചടിയുടെയും രൂപത്തിലെ തുല്യതയല്ല, ആ നടപടി മൂലം ഇരു കക്ഷികൾക്കുമുണ്ടാകുന്ന കഷ്ടനഷ്ടങ്ങളുടെ തുല്യതയാണ് പരിഗണിക്കേണ്ടതെന്ന വീക്ഷണമാണ് കൂടുതൽ സ്വീകാര്യമായി തോന്നുന്നത്. ഇതനുസരിച്ച്, കൈകൊണ്ടാക്രമിച്ചവനെ കൈ കൊണ്ടും കാലു കൊണ്ടാക്രമിച്ചവനെ കാലു കൊണ്ടും ആയുധം കൊണ്ട് ആക്രമിച്ചവനെ ആയുധം കൊണ്ടും തന്നെ തിരിച്ചടിക്കണമെന്നില്ല. അയാളുടെ അക്രമം മൂലം ആക്രമിക്കപ്പെട്ടവനുണ്ടായ വേദനയും നഷ്ടവും അയാൾക്കും ഉണ്ടാകുന്ന ഏതു രീതിയും സ്വീകരിക്കാം. വെള്ളത്തിൽ മുക്കി കൊല നടത്തിയ ഘാതകനെ മുക്കി കൊല്ലണമെന്നില്ലെന്നും, അംഗീകൃതമായ മറ്റു വധശിക്ഷാരീതികൾ സ്വീകരിക്കാവുന്നതാണെന്നും ഇമാം അബൂഹനീഫ പ്രസ്താവിച്ചിരിക്കുന്നു. ثُمَّ بُغِيَ عَلَيْهِ എന്ന വാക്കിലൂടെ പ്രകടിപ്പിക്കുന്ന ആശയമിതാണ്: മുസ്‌ലിംകളുടെ പ്രതിരോധ നടപടിയിൽ കുപിതരായി അവരുടെ ആത്മവീര്യം നശിപ്പിക്കാനും ഭാവിയിൽ അന്തസ്സും അഭിമാനവും കാക്കാൻ അവർ ധൈര്യപ്പെടാതിരിക്കാനും കൂടുതൽ അക്രമങ്ങൾക്കൊരുമ്പെടുകയാണെങ്കിൽ ആ സത്യനിഷേധികളും മർദിതരാകുന്ന മുസ്‌ലിംകളും ഓർത്തിരിക്കട്ടെ, അല്ലാഹു അതൊരിക്കലും അനുവദിക്കാൻ പോകുന്നില്ല. തന്റെ ദാസന്മാരെ പിന്തുണക്കാനും സഹായിക്കാനും തീർച്ചയായും അവനുണ്ടാകും. ഈ വാക്യത്തിലന്തർലീനമായ ആശയത്തിന്റെ പ്രായോഗിക രൂപം പിന്നീട് ബദ്ർ യുദ്ധം മുതൽ ആരംഭിച്ച നിരവധി ചരിത്ര സംഭവങ്ങൾ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. മദീനയിലേക്കുള്ള മുസ്‌ലിംകളുടെ പലായനം നടക്കുന്ന ഘട്ടത്തിലാണ് ഈ സൂക്തങ്ങൾ അവതരിക്കുന്നത്. മുസ്‌ലിംകൾ മദീനയിലെത്തി ഒരു വ്യവസ്ഥാപിത സമൂഹമായി കഴിഞ്ഞ ശേഷം അവതരിച്ചതാണ് നേരത്തെ ചർച്ച ചെയ്ത 39,40 സൂക്തങ്ങൾ. ഈ സൂക്തങ്ങൾ മനസ്സിലാക്കാൻ പ്രസ്തുത സൂക്തങ്ങൾ ഒരിക്കൽ കൂടി ഓർക്കുന്നത് നന്നായിരിക്കും.

മുകളിൽ സൂചിപ്പിച്ചതുപോലെ, ഹിജ്റയുടെ വേളയിൽ അവതരിച്ച ഈ സൂക്തത്തിലെ إِنَّ ٱللَّهَ لَعَفُوٌّ غَفُورٌ എന്ന വാക്യത്തിന് സവിശേഷ സ്ഥാനമുണ്ട്. തിരിച്ചടിക്കാനുള്ള അനുവാദം എളുപ്പം പ്രകോപിതരാകാനും എടുത്തുചാടാനുമുള്ള അനുവാദമായി കണ്ടുകൂടാ. തിരിച്ചടിക്കേണ്ടിവരുമ്പോൾ അതിരുവിട്ട് അടിക്കുകയുമരുത്. അങ്ങേയറ്റം വിട്ടുവീഴ്ച ചെയ്യുന്നവനും പൊറുക്കുന്നവനുമാണ് അല്ലാഹു. അവന്റെ ദീനിന്റെ മൗലിക സ്വഭാവവും അതാണ്. അന്യരുടെ തെറ്റ് കണ്ടില്ല, അഥവാ അതുണ്ടായിട്ടില്ല എന്ന മട്ടിൽ പെരുമാറുകയാണ് عفو. അത് കാണുകയും പരിഗണിക്കുകയും ചെയ്തുകൊണ്ടുതന്നെ പ്രതികാരം വേണ്ടെന്നു വെച്ച് ക്ഷമിക്കുകയാണ് مغفرة . അല്ലാഹുവിന്റെ ഈ ഗുണങ്ങൾ തന്റെ ദാസന്മാരിൽ പ്രതിഫലിക്കണമെന്നാണ് അവൻ ഇഛിക്കുന്നത്. അക്രമികളെ തിരിച്ചടിക്കാൻ സത്യവിശ്വാസികൾക്കുള്ള അനുവാദം അക്രമവാസനയെ തൃപ്തിപ്പെടുത്താനും അന്ധമായ പ്രതികാര ദാഹം ശമിപ്പിക്കാനും മറയാക്കിക്കൂടാ. ക്ഷമക്കും വിട്ടുവീഴ്ചക്കുമാണ് മുൻഗണന നൽകേണ്ടത്. അക്രമം ക്ഷമിക്കാവുന്നതിന്റെയും സഹിക്കാവുന്നതിന്റെയും അപ്പുറത്തെത്തുമ്പോഴാണ് തിരിച്ചടിക്കേണ്ടത്. وَأَن تَعْفُوٓا۟ أَقْرَبُ لِلتَّقْوَىٰ (നിങ്ങൾ വിട്ടുവീഴ്ച ചെയ്യുന്നതാണ് ദൈവഭക്തിക്ക് ഏറ്റം ഇണങ്ങുന്നത്-2:237). وَلَمَن صَبَرَ وَغَفَرَ إِنَّ ذَٰلِكَ لَمِنْ عَزْمِ ٱلْأُمُورِ (ഒരുവൻ ക്ഷമിക്കുകയും പൊറുക്കുകയും ചെയ്യുന്നുവെങ്കിൽ അത് തീർച്ചയായും നിശ്ചയദാർഢ്യത്തിന്റെ കാര്യങ്ങളിൽ പെട്ടതാകുന്നു- 42:43). فَمَنْ عَفَا وَأَصْلَحَ فَأَجْرُهُۥ عَلَى ٱللَّهِ (അതിനാൽ ഒരുവൻ ക്ഷമിക്കുകയും നന്നാവുകയും ചെയ്താൽ അതിന് കർമഫലം നൽകുക അല്ലാഹുവിന്റെ കടമയാകുന്നു- 42:40). ■